**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2016** **03-03-2025 - ൽ മറുപടിയ്ക്ക്**

**വാട്ടർ മെട്രോ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ വാട്ടർ മെട്രോ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പതിനാല് ടെർമിനലുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ വാട്ടർ മെട്രോ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 14 ടെർമിനലുകളിൽ വൈപ്പിൻ, ബോൾഗാട്ടി, മുളവുകാട് നോർത്ത് എന്നീ ടെർമിനലുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>കടമക്കുടി, പാലിയംതുരുത്ത് ടെർമിനലുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ബോട്ടുകൾ ലഭ്യമാക്കി, മറ്റ് അനുബന്ധ പ്രവർത്തികൾ പൂർത്തിയാക്കി ഈ വർഷാവസാനത്തോടു കൂടി പ്രസ്തുത രണ്ട് ടെർമിനലുകൾ പ്രവർത്തന സജ്ജമാക്കാനാകുമെന്നു പ്രതീക്ഷിക്കുന്നു.<br><br>മുളവുകാട് പഞ്ചായത്ത്, പൊന്നാരിമംഗലം, ചേന്നൂർ, കോതാട്, പിഴല, തുണ്ടത്തുംകടവ്, ചരിയംതുരുത്ത്, എളംകുന്നപ്പുഴ, മൂലമ്പിള്ളി എന്നീ ടെർമിനലുകൾക്കായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുകയും ആയവ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയുമാണ്. |
| (ബി) | പ്രസ്തുത ടെർമിനലുകൾ എന്നത്തേക്ക് പ്രവർത്തന സജ്ജമാകുമെന്ന് വ്യക്തമാക്കാമോ? | (ബി) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ വാട്ടർ മെട്രോ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 14 ടെർമിനലുകളിൽ വൈപ്പിൻ, ബോൾഗാട്ടി, മുളവുകാട് നോർത്ത് എന്നീ ടെർമിനലുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>കടമക്കുടി, പാലിയംതുരുത്ത് ടെർമിനലുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ബോട്ടുകൾ ലഭ്യമാക്കി, മറ്റ് അനുബന്ധ പ്രവർത്തികൾ പൂർത്തിയാക്കി ഈ വർഷാവസാനത്തോടു കൂടി പ്രസ്തുത രണ്ട് ടെർമിനലുകൾ പ്രവർത്തന സജ്ജമാക്കാനാകുമെന്നു പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | | മുളവുകാട് പഞ്ചായത്ത്, പൊന്നാരിമംഗലം, ചേന്നൂർ, കോതാട്, പിഴല, തുണ്ടത്തുംകടവ്, ചരിയംതുരുത്ത്, എളംകുന്നപ്പുഴ, മൂലമ്പിള്ളി എന്നീ ടെർമിനലുകൾക്കായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുകയും ആയവ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയുമാണ്. |

സെക്ഷൻ ഓഫീസർ